പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 6** **12-10-2026-ൽ മറുപടിയ്ക്ക്**

**സിൽവർ ഇക്കോണമി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കുഞ്ഞികൃഷ്ണൻ
ശ്രീ. വിഷ്ണു മോഹൻ
ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** വയോജന ജനസംഖ്യ വർധിക്കുന്ന സാഹചര്യത്തിൽ സിൽവർ ഇക്കോണമി നയം രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

**മറുപടി:** സിൽവർ ഇക്കോണമിയുമായി ബന്ധപ്പെട്ട് നയപരിപാടികൾ ആവിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി വിദഗ്ധരെ ഉൾപ്പെടുത്തി ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 17/09/2026 തീയതിയിൽ ഒരു റൗണ്ട് ടേബിൾ കോൺഫറൻസ് നടത്തിയിട്ടുണ്ട്. കോൺഫറൻസിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കൂടി പരിഗണിച്ച് സിൽവർ ഇക്കോണമിയുമായി ബന്ധപ്പെട്ട നയപരിപാടികൾക്ക് രൂപം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** സിൽവർ ഇക്കോണമിയുടെ ഭാഗമായി വയോജന സംരക്ഷണ മേഖലയിൽ (എൽഡർകെയർ സർവീസസ് ) പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി എന്തെല്ലാം പരിശീലന പദ്ധതികളാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ;

**മറുപടി:** പരിചരണ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി വയോജന സംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയം പരിഗണനയിലുണ്ട്.

**(സി)** വിരമിച്ച മുതിർന്ന പൗരന്മാരുടെ സേവനവും പരിചയസമ്പത്തും പ്രയോജനപ്പെടുത്താൻ ആക്ടീവ് ഏജിംഗ് പദ്ധതികൾ വഴി എന്തെല്ലാം തരം തൊഴിൽ/സംരംഭകത്വ അവസരങ്ങളാണ് ഒരുക്കുന്നത്; വിശദമാക്കാമോ;

**മറുപടി:** മുതിർന്ന പൗരന്മാരുടെ നൈപുണ്യവും സേവനവും പരിചരണവും പ്രയോജനപ്പെടുത്തി അവരുടെ സജീവവും ഉല്പാദനപരവുമായ പങ്കാളിത്തം

പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഇൻഫർമേഷൻ കേരള മിഷന്റെ (IKM) സഹകരണത്തോടെ പ്രൊഡക്ടീവ് ഏജിംഗ് രജിസ്ട്രി സമഗ്ര പോർട്ടൽ രൂപത്തിൽ തയാറാക്കിയിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ വിദ്യാഭ്യാസ യോഗ്യത, നൈപുണ്യം, മുൻ പരിചയം, താല്പര്യമേഖലകൾ തുടങ്ങിയ വിവരങ്ങൾ ക്രോഡീകരിച്ച് അവരുടെ കഴിവുകൾക്കനുസൃതമായ തൊഴിൽ, സേവന, സ്വയം തൊഴിൽ, സംരഭകത്വ അവസരങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള സംവിധാനമാണ് ഇതിലൂടെ ഒരുക്കുന്നത്.

**(ഡി)** മുതിർന്ന പൗരന്മാർക്കായി പ്രത്യേക സ്റ്റാർട്ടപ്പുകൾക്കോ സംരംഭങ്ങൾക്കോ സാമ്പത്തികസഹായമോ ബാങ്ക് വായ്പകളോ നൽകുന്ന പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>മറുപടി:</u>** മുതിർന്ന പൗരന്മാർക്കായി പ്രത്യേക സ്റ്റാർട്ടപ്പുകളോ സംരംഭങ്ങളോ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായമോ ബാങ്ക് വായ്പകളോ ലഭ്യമാകുന്നതിനുള്ള പദ്ധതികൾ സംബന്ധിച്ച് നിലവിൽ പ്രാരംഭ ചർച്ചകൾ മാത്രമാണ് നടന്നിട്ടുള്ളത്. വിഷയം വിശദമായി പരിശോധിച്ച്, പ്രായോഗികതയും സാമ്പത്തിക സാധ്യതകളും വിലയിരുത്തിയ ശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**